## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 453     12.06.2012-ൽ മറുപടിക്ക്.

**പ്രഭാത സവാരിക്കാർക്കും സൈക്കിൾ സവാരിക്കാർക്കും അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ.പി.സി ജോർജ്:<br>ഡോ.എൻ. ജയരാജ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യായാമത്തിനായി പ്രഭാത സവാരി നടത്തുന്നവർക്കും രാത്രികാലങ്ങളിൽ സൈക്കിൾ സവാരി ചെയ്യുന്നവർക്കും വാഹനങ്ങൾ ഇടിച്ച് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് കൈക്കൊള്ളുന്നത്; വ്യക്തമാക്കുമോ; | (ബി) | ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനായി യാത്ര ക്കാർക്കിടയിൽ ബോധ വൽക്കരണം നടത്തേണ്ടതിന്റെ ആവശ്യകത മുൻനിറുത്തിയും നടപ്പാതകളിലെ തടസ്സങ്ങൾ നീക്കി കാൽനടയാത്ര സുഗമ മാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ചും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പ്രഭാത സവാരിക്കാർക്കും മറ്റും ഇരുട്ടിൽ റിഫ്ളക്ട് ചെയ്യുന്നതരത്തിലുള്ള വസ്ത്രങ്ങളോ മറ്റു മുൻകരുതൽ ഉപാധികളോ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ